# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: എൽ.ആർ 1/037648/12

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം. തീയതി: 31.01.2013

## മെമ്മോറാണ്ടം

വിഷയം:- **ജോലി നിർവ്വഹണത്തിനിടയിലുണ്ടാകുന്ന സംഭവങ്ങൾ കാരണം ഉണ്ടാകുന്ന കേസുകൾ - ലീഗൽ എക്സ്പെൻസിന്റെ റീ-ഇംമ്പേഴ്സ്മെന്റ്, പ്രത്യേക അവധി ഇവ വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച്-**

സൂചന:- (1). 06.03.2009- ലെ എൽ.ആർ 1/001932/09-ാം നമ്പർ ഉത്തരവ്.
(2). 08.06.2009, 26.03.2010 എന്നീ തീയതികളിലെ എൽ.ആർ 1/001319/09 -ാം നമ്പർ ഉത്തരവുകൾ
(3). 03.12.2012 തീയതിയിലെ എൽ.ആർ 8/043530/10-ാം നമ്പർ ഉത്തരവ്.

സൂചന (3)-ലെ ഉത്തരവിലെ XXXI-ാം ഖണ്ഡമനുസരിച്ച് താഴെ പറയുന്ന പ്രകാരം ഉത്തരവാകുന്നു.

കോർപ്പറേഷനാൽ നിയോഗിക്കപ്പെട്ട ജോലി നിർവ്വഹിക്കുന്നതിനിടയിലുണ്ടായ സംഭവങ്ങൾ കാരണം കോടതികളിൽ കേസിന് പ്രതിസ്ഥാനത്തു ഹാജരാകേണ്ടി വരുന്ന സ്ഥിരം ജീവനക്കാർക്ക് ബന്ധപ്പെട്ട കേസിന്റെ നടത്തിപ്പിന് ചിലവായ തുകയുടെ (Re-imbursement of Legal Expenses) ഇനത്തിൽ പരമാവധി അനുവദിക്കുന്ന തുക 1,500/- രൂപയിൽ നിന്നും 2,000/- (രണ്ടായിരം) രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

ഈയിനത്തിൽ മുൻകൂറായി അനുവദിക്കാവുന്ന തുക 1,000/- രൂപയിൽ നിന്നും 1,500/- (ആയിരത്തി അഞ്ഞൂറ്) രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. പ്രസ്തുത തുക അതാതു യൂണിറ്റുകളിൽ നിന്നും അനുവദിക്കേണ്ടതാണ്.

കേസ് വെറുതെവിടുന്നപക്ഷം ലീഗൽ എക്സ്പെൻസിന്റെ റീ-ഇംമ്പേഴ്സ്മെന്റ് ഇനത്തിൽ മുൻകൂർ അനുവദിച്ച തുക കഴിച്ച് ബാക്കി തുകയും സ്പെഷ്യൽ ലീവും അനുവദിക്കുന്നതിലേക്കായി താഴെ പറയുന്ന രേഖകൾ സഹിതം യൂണിറ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(1). ജീവനക്കാരന്റെ അപേക്ഷ.
(2). കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള കോടതിയുടെ ഉത്തരവിന്റെ അസ്സൽ പതിപ്പ്.
(3). കോടതിയിൽ ഹാജരായി എന്ന് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് ('ബി' ഡയറി).
(4). വക്കീൽ ഫീസിനത്തിൽ നൽകിയ തുകയ്ക്ക് വക്കീൽ നൽകുന്ന രസീത്.

### ലീഗൽ റീ-ഇംമ്പേഴ്മെന്റ് തുക അനുവദിക്കേണ്ട രീതി

സാമ്പത്തികാനുകൂല്യം നൽകുന്ന 01.09.2012-ന് മുൻപ് നടന്ന അപകടങ്ങൾ സംബന്ധിച്ച കേസുകൾക്ക് പഴയ നിരക്കിലെ പരമാവധി 1,500/- രൂപയും, 01.09.2012-നും അതിനുശേഷവും നടന്ന കേസുകൾക്ക് പരമാവധി 2,000/- (രണ്ടായിരം) രൂപയും (പുതിയ നിരക്ക്) ലീഗൽ റീ-ഇംമ്പേഴ്സ്മെന്റ് തുക ജീവനക്കാരൻ കുറ്റവിമുക്തനായാൽ അനുവദിക്കുന്നതാണ്.

(തുടർച്ച....2)

**സ്പെഷ്യൽ ലീവ് അനുവദിക്കേണ്ടരീതി**

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലുണ്ടായ കേസുകളിൽ കേസ് വെറുതെ വിടുന്നപക്ഷം മാത്രം കോടതിയിൽ നിന്നുള്ള 'ബി' ഡയറിയുടെ അടിസ്ഥാനത്തിൽ ജീവനക്കാരൻ യഥാർത്ഥത്തിൽ കോടതിയിൽ ഹാജരായ ദിവസങ്ങൾക്ക് പരമാവധി 20 ദിവസം പ്രത്യേക അവധി (Special Leave) അനുവദിക്കുന്നതാണ്. ഇതിൽ 31.08.2012 വരെയുള്ള അപകട കേസുകൾക്ക് പരമാവധി 15 ദിവസവും 01.09.2012 മുതലുള്ള കേസുകൾക്ക് പരമാവധി 20 ദിവസവും പ്രത്യേകാവധി യൂണിറ്റ്തലത്തിൽ താഴെ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതാണ്.

കേസിൽ നിന്ന് കുറ്റവിമുക്തനാക്കപ്പെടുന്ന ജീവനക്കാർ സമർപ്പിക്കുന്ന ജഡ്ജ്മെന്റ്, ബന്ധപ്പെട്ട കോടതി രേഖകൾ ('ബി' ഡയറി) എന്നിവ പരിശോധിച്ച് അതിൽ ഏതെല്ലാം ദിവസം ടി ജീവനക്കാരൻ ടി കേസുമായി ബന്ധപ്പെട്ട് കോടതിയിൽ ഹാജരായി എന്ന് നോക്കി അതിൽനിന്ന് കോടതിയിൽ ഹാജരായ യഥാർത്ഥ ദിവസങ്ങൾക്ക് മാത്രം (കേസ് ദിവസം അവധിക്ക് അപേക്ഷ നൽകിയതും ഹാജരാകാത്ത ദിവസവും ഒഴിവാക്കേണ്ടതാണ്) പരമാവധി 20 ദിവസം സ്പെഷ്യൽ ലീവ് അനുവദിക്കേണ്ടതാണ്. സ്പെഷ്യൽ ലീവ് അനുവദിച്ചുകൊണ്ട് യൂണിറ്റ്തലത്തിൽ ഇറക്കുന്ന ഉത്തരവിന്റെ കോപ്പി സർവ്വീസ് ബുക്കിൽ ഒട്ടിക്കേണ്ടതും അതിന്റെ വിശദാംശങ്ങൾ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ പ്രത്യേക അവധി (Special Leave) അനുവദിക്കുന്ന ദിവസം FPL, HPL, CTDL എന്നിവ മുൻകൂർ അനുവദിച്ചാണ് കേസിന് ഹാജരായതെങ്കിൽ പ്രസ്തുത അർഹതപ്പെട്ട അവധി അനുവദിച്ചത് റദ്ദു ചെയ്ത് പകരം പ്രത്യേക അവധിയായി രേഖപ്പെടുത്തേണ്ടതും റദ്ദു ചെയ്ത അർഹതപ്പെട്ട അവധി അതാത് ലീവ് അക്കൗണ്ടിലേക്ക് തിരിച്ച് വരവ് വയ്ക്കേണ്ടതുമാണ്.

ഡ്യൂട്ടി ഓഫ്, വീക്കിലി ഓഫ് ദിവസങ്ങളിൽ കോടതിയിൽ കേസിനു ഹാജരായിട്ടുള്ളപക്ഷം ആ ദിവസങ്ങളിലേക്ക് പ്രത്യേക അവധി അനുവദിക്കുന്നതല്ല.

മേൽപറഞ്ഞ രീതിയിൽ ലീഗൽ റീ-ഇംബേഴ്സ്മെന്റിന് അർഹമായ തുകയും സ്പെഷ്യൽ ലീവും യൂണിറ്റ്തലത്തിൽ തന്നെ ആഡിറ്റിന് വിധേയമാക്കി അനുവദിക്കേണ്ടതും ആയതിന് പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്.

വിചാരണ കോടതിയിൽ ശിക്ഷിക്കപ്പെടുകയോ വിചാരണ കോടതി വിധിക്കെതിരെയുള്ള അപ്പീലിന്മേൽ പ്രസ്തുത ശിക്ഷ ശരിവയ്ക്കപ്പെടുകയോ ചെയ്താൽ ജീവനക്കാരൻ മുൻകൂറായോ അന്തിമമായോ കൈപ്പറ്റിയ ടി ആനുകൂല്യം ബാദ്ധ്യതയായി കണക്കാക്കി ഈടാക്കുന്നതാണ്. അപ്പീലിന്മേൽ കോടതി കേസ് വെറുതെ വിടുന്നപക്ഷം ടി ആനുകൂല്യം അനുവദിക്കുന്നതാണ്. എന്നാൽ അപ്പീലുമായി ബന്ധപ്പെട്ട് കോടതിയിൽ കേസിന് ഹാജരായ ദിവസങ്ങളിലേക്ക് പ്രത്യേക അവധി അനുവദിക്കുന്നതല്ല.

കോർപ്പറേഷൻ വാദിഭാഗത്തുള്ള കേസുകളിൽപ്പെട്ട ജീവനക്കാർക്ക് പ്രസ്തുത കേസുകളിൽ ടി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

വർദ്ധിപ്പിച്ച നിരക്കിലുള്ള ലീഗൽ റീ-ഇംമ്പേഴ്സ്മെന്റും സ്പെഷ്യൽ അവധിയും ശമ്പള പരിഷ്ക്കരണത്തിന്റെ സാമ്പത്തികാനുകൂല്യം നൽകുന്ന 01.09.2012-ന് ശേഷം ഉണ്ടാകുന്ന അപകടങ്ങൾക്ക് മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കുവേണ്ടി**
**ജനറൽ മാനേജർ**

എല്ലാ യൂണിറ്റ് ഓഫീസർമാർക്കും.
എല്ലാ മേഖലാ ഓഫീസർമാർക്കും.

പകർപ്പ്:-
- സി.എം.ഡി.യുടെ പി.എസ്-ന്.
- എഫ്.എ & സി.എ.ഒ.യുടെ പി.എ.യ്ക്ക്.
- ജനറൽ മാനേജരുടെ സ്റ്റെനോയ്ക്ക്.
- എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ സ്റ്റെനോമാർക്ക്.
- ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും.
- എല്ലാ വെൽഫെയർ ഓഫീസർമാർക്കും.
- അംഗീകൃത തൊഴിലാളി സംഘടനകൾക്ക്.
- കരുതൽ ഫയലിലേക്കും / ഫയലിലേക്കും.